# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 149 02.05.2017-ലെ മറുപടിയ്ക്ക്

### തദ്ദേശസ്വയംഭരണ സർവ്വീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. എ.പി .അനിൽ കുമാർ<br>ശ്രീ. ഷാഫി പറമ്പിൽ | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും<br>വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| (എ) തദ്ദേശ സ്വയംഭരണ സർവ്വീസ് രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ, വിശദമാക്കുമോ; | (എ) ഉണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലുള്ള പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം, എഞ്ചിനീയറിംഗ് വിഭാഗം, നഗരഗ്രാമാസൂത്രണം എന്നീ വകുപ്പുകളിലെ ജീവനക്കാരെ സംയോജിപ്പിക്കുന്ന തദ്ദേശ സ്വയംഭരണ സർവ്വീസ് രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും നേട്ടങ്ങളും എന്തൊക്കെയാണ്; വിശദമാക്കുമോ; | (ബി) അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഘടനാപരമായ മാറ്റം വരുത്താനാണ് ഏകോപനം കൊണ്ട് ഉദ്ദേശിക്കുന്നത്.<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ഭരണഘടനാപരമായ ചുമതലകളും ഉത്തരവാദിത്തങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനും കേരളത്തിൽ നടപ്പാക്കിയ അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങളുടെ അന്തസത്തയ്ക്കനുസൃതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും ഉയർന്ന സേവന ഗുണമേന്മ പ്രദാനം ചെയ്യുന്നതിനും തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതിയോട് ഉത്തരവാദപ്പെട്ട് പ്രവർത്തിക്കുന്ന ഭരണ നിർവ്വഹണ സംവിധാനം ഉറപ്പാക്കുന്നതിനും തദ്ദേശ സ്വയംഭരണ സർവ്വീസ് രൂപീകരിക്കുന്നതിലൂടെ കഴിയുന്നതാണ്. |

ജില്ലാ ആസൂത്രണ സമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും അതിലൂടെ സമഗ്ര ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനും തദ്ദേശ സ്വയംഭരണ സർവ്വീസ് രൂപീകരിക്കുന്നതിലൂടെ കഴിയുന്നതാണ്.

(സി) തദ്ദേശ സ്വയംഭരണ സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ടുള്ള ജീവനക്കാരുടെ ആശങ്കകൾ പരിഹരിക്കുവാൻ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വിവരിക്കുമോ;

(സി) ഉണ്ട്; വിവിധ സർവ്വീസ് സംഘടനകളുമായി ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ചർച്ച ചെയ്തിട്ടുണ്ട്. കരട് ചട്ടങ്ങൾ രൂപീകരിക്കുന്നതോടെ ജീവനക്കാരുടെ ആശങ്കകൾ പരിഹരിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) തദ്ദേശസ്വയംഭരണ സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടോ; വിശദമാക്കുമോ?

(ഡി) നാൽപതോളം സർവ്വീസ് സംഘടനകളുമായി ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ചർച്ച നടത്തിയിട്ടുണ്ട്. സംഘടനകൾ സമർപ്പിച്ച നിർദ്ദേശങ്ങൾ കമ്മീഷൻ പരിശോധിച്ചു വരികയാണ്. മുനിസിപ്പൽ ചേംബർ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികളുമായി ചർച്ച നടത്തിയിട്ടുണ്ട്. ഗ്രാമ, ജില്ലാ പഞ്ചായത്ത് അസോസിയേഷനുകളുമായും കോർപ്പറേഷൻ മേയേഴ്സ് കൗൺസിലുമായും ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കരട് ചട്ടങ്ങൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.

Beena

സെക്ഷൻ ഓഫീസർ